**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** **21-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രസ്സുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി 3.64 കോടിയിൽപ്പരം വിലവരുന്ന മെഷീനുകൾ പ്രസ്സുകളിൽ സ്ഥാപിച്ചു.<br><br>കൂടാതെ, 90 ലക്ഷം രൂപ വിനിയോഗിച്ച് മണ്ണന്തല ഗവണ്മെന്റ് പ്രസ്സിലെ കെട്ടിടത്തിന്റെ റൂഫിംഗ് പൂർത്തിയാക്കി. തിരുവനന്തപുരം ഗവണ്മെന്റ് സെൻട്രൽ പ്രസ്സിലെ OMR സെക്ഷന്റെ നവീകരണം, സർക്കാർ മുദ്രനിർമ്മാണശാലയിലെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം , മണ്ണന്തല ഗവണ്മെന്റ് പ്രസ്സിലെ മേൽക്കൂര നിർമ്മാണം, ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിന്റെ നിർമ്മാണപ്രവൃത്തികൾ, ചുറ്റുമതിൽ നിർമ്മാണം, കണ്ണൂർ ഗവണ്മെന്റ് പ്രസ്സിന്റെ അറ്റകുറ്റപണികൾ എന്നീ വിവിധ പ്രസ്സുകളിലെ നിർമ്മാണപ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി 2023-24 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണമായി ചെലവഴിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | സർക്കാരിന്റെ അച്ചടി ജോലികൾ പൂർണമായും ഏറ്റെടുക്കാൻ കഴിയുന്ന വിധം സർക്കാർ പ്രസ്സുകൾ സജ്ജമാണോ; വിശദീകരിക്കാമോ; | (സി) | ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ഡി) | സർക്കാർ പ്രസ്സുകളെ ആധുനികവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ എല്ലാ സർക്കാർ പ്രെസ്സുകളി ലെയും കാലപ്പഴക്കം ചെന്ന മെഷിനറികൾ മാറ്റി സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ആധുനികവൽക്കരണത്തിന്റെ ഭാഗമായി പഴയ മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ